**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1642** **03-02-2026 - ൽ മറുപടിയ്ക്ക്**

**പുനലൂർ തൂക്കുപാലത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനലൂർ മണ്ഡലത്തിലെ തൂക്കുപാലത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് അനുമതി നൽകിയ പ്രവൃത്തികളുടെ എണ്ണം, ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ച തീയതി, അനുവദിച്ച തുക, ചെലവഴിച്ച തുക, പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2022-23 സാമ്പത്തിക വർഷത്തിൽ "പുനലൂർ തൂക്കുപാലത്തിന്റെ സംരക്ഷണ പ്രവൃത്തികളും പരിസര വികസന പ്രവൃത്തികളും" എന്ന പദ്ധതിക്കായി 27.03.2023 തീയതിയിൽ 28,32,000/- രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. പ്രസ്തുത പ്രവൃത്തി 28,21,396/- രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പുനലൂർ നിയോജകമണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകങ്ങൾ, പുരാവസ്തു കേന്ദ്രങ്ങൾ, ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ/സ്ഥാപനങ്ങൾ എന്നിവ ഏതൊക്കെയാണെന്നും, അവയുടെ സ്ഥലം, നിലവിലെ സംരക്ഷണ സ്ഥിതി, ഇതുവരെ നടത്തിയ സംരക്ഷണ/ നവീകരണ പ്രവൃത്തികൾ, എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | പുനലൂർ നിയോജകമണ്ഡലത്തിലെ പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകം പുനലൂർ തൂക്കുപാലമാണ്. തൂക്കുപാലത്തിന്റെ സംരക്ഷണ പ്രവൃത്തിയുടെ ഭാഗമായി അടിയന്തിരമായി മാറ്റേണ്ട ദ്രവിച്ചുപോയ കമ്പകത്തടികൾ മാറ്റി സ്ഥാപിച്ചു. തൂക്കുപാലത്തിന്റെ തൂണുകളിൽ സമഗ്ര സംരക്ഷണ പ്രവൃത്തികൾ നടപ്പാക്കുകയും, വളർന്നുകയറിയ മരങ്ങൾ നീക്കം ചെയ്യുകയും, ദ്രവിച്ചുതുടങ്ങിയ ലോഹഭാഗങ്ങൾ പൂർവസ്ഥിതിയിലാക്കി ചായം പൂശുകയും ചെയ്തു. പുഴയുടെ വക്കുകൾ ഇടിഞ്ഞുവീണ് പാലത്തിന് ക്ഷതം സംഭവിക്കാതിരിക്കാൻ Retaining Wall നിർമ്മിച്ചു. പാലത്തിന്റെ കൈവരികളിൽ അപ്പോക്സി പെയിന്റിംഗ് ചെയ്തു. മഴവെള്ളം കിനിഞ്ഞിറങ്ങി തൂണുകൾക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കുന്നതിനു വേണ്ട സംരക്ഷണ പ്രവൃത്തികളും നിർവ്വഹിച്ചു. |

സെക്ഷൻ ഓഫീസർ